**കേരള സർക്കാർ**

നമ്പർ: 325/ഡിസി1/ 2018/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്,
തീയതി : 11.10.2018

## സർക്കുലർ

വിഷയം :- ത.സ്വ.ഭ.വ. - നവകേരളം കർമ്മപദ്ധതി - ഹരിത കേരളം മിഷന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും അടിസ്ഥാനപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 30.07.2018 വൈകുന്നേരം 4.30 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം സംസ്ഥാനമിഷന്റെ 4-ാമത് യോഗത്തിന്റെ മിനിട്സ്.

2018 ജൂലൈ 30 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം സംസ്ഥാന മിഷന്റെ 4-ാമത് യോഗത്തിന്റെ നടപടി കുറിപ്പിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ്/സ്ഥാപന തലത്തിൽ ഹരിത കേരളം മിഷന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും അടിസ്ഥാനപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. ജലസേചന വകുപ്പും കൃഷി വകുപ്പും സംയുക്തമായി തയ്യാറാക്കിയ ബ്ലോക്ക് തല പദ്ധതി രേഖയെ അടിസ്ഥാനമാക്കി കണ്ടെത്തിയ തരിശ് ഭൂമികളിൽ ആവശ്യമായ അടിസ്ഥാന സൗകര്യ പദ്ധതികൾ മുൻഗണനാ ക്രമം നിശ്ചയിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കൃഷി/ജലസേചന വകുപ്പുകൾക്ക് പുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൂടിയും പണം ലഭ്യമാക്കണം.

ii. തരിശുഭൂമി കൃഷിക്കുള്ള തദ്ദേശസ്വയംഭരണ സ്ഥാപനതല ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ ഓരോ ബ്ലോക്കിലും ചുരുങ്ങിയത് ഒരു പഞ്ചായത്തെങ്കിലും തരിശു രഹിത പഞ്ചായത്താക്കി പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടികൾ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

iii. പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഗാർഹിക പച്ചക്കറി കൃഷി കൂടുതൽ വിപുലമാക്കേണ്ടതുണ്ട്. ഇതിനായി സംസ്ഥാനത്തൊട്ടാകെ 5000 വാർഡുകളിൽ എല്ലാ വീടുകളിലും പച്ചക്കറി കൃഷി എത്തിക്കുന്നതിനുള്ള പദ്ധതികൾ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും M.G.N.R.E.G.S., കുടുംബശ്രീ എന്നീ ഏജൻസികളും

നടപടി സ്വീകരിക്കേണ്ടതാണ്. ഓരോ പഞ്ചായത്തിലും ഇതിന് ആവശ്യമായ തുക വകയിരുത്തുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനം ഉറപ്പ് വരുത്തണം.

iv. നഗരങ്ങളിലെ ഗാർഹിക പച്ചക്കറി കൃഷിക്ക് കുടിവെള്ളം പാഴാക്കാതെ മിതമായി കൃഷിക്ക് ഉപയോഗിക്കുവാൻ സാധിക്കുന്ന തുള്ളിനന, തിരിനന സംവിധാനങ്ങൾ ഉൾപ്പെടുത്തുവാൻ ആവശ്യമായ സാങ്കേതിക സഹായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് എല്ലാ മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ സ്വീകരിക്കേണ്ടതാണ്.

v. പച്ചക്കറി കൃഷിയിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനഉപാധികളുടെ കാര്യക്ഷമമായ വിനിയോഗം സാധ്യമാക്കുന്നതിനും തുറസായ സ്ഥലങ്ങളിലെ കൃത്യതാ കൃഷി (open precision farming) പ്രോത്സാഹിപ്പിക്കുന്നതിനുമായി ബ്ലോക്ക് തലത്തിൽ ഓരോ മാതൃകാ കൃഷിത്തോട്ടം വികസിപ്പിച്ചെടുക്കാനും വർഷം തോറും പരിപാലിക്കാനുമുള്ള പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇതിന് ആവശ്യമായ തുക ബ്ലോക്ക് പഞ്ചായത്തുകൾ വകയിരുത്തണം.

vi. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിലും കുറഞ്ഞത് 5 സ്ഥാപനങ്ങൾ/സ്കൂളുകൾ തിരഞ്ഞെടുത്ത് 10 സെന്റിലെങ്കിലും പച്ചക്കറി കൃഷി ചെയ്യുന്ന പരിപാടി നടപ്പിലാക്കാൻ കൃഷി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഇതിനായി തുക ലഭ്യമാക്കണം.

vii. ഇപ്പോൾ പ്രത്യേക കാർഷിക സോണുകൾ തിരിച്ച് കാർഷിക വികസന പദ്ധതികൾ വിഭാവനം ചെയ്തു വരുന്നുണ്ട്. പ്രത്യേക കാർഷിക സോണുകളിൽ അവിടെ നിശ്ചയിച്ചിട്ടുള്ള ഓരോ വിളകളുടെയും പ്രത്യേക കാർഷിക സോൺ ഇല്ലാത്ത ജില്ലകളിൽ ഒരു പ്രധാന വിളയുടെയും ഉൽപാദന വർദ്ധനവ് ലക്ഷ്യമിടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായി അധിക ഫണ്ട് വകയിരുത്തണം.

viii. തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ജൈവ-മാലിന്യ സംസ്കരണ പ്രക്രിയയിലൂടെ വീടുകളിലും സ്ഥാപനങ്ങളിലും മറ്റ് പൊതുഇടങ്ങളിലും ഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റ് വളം ജൈവ-മാലിന്യ സംസ്കരണം കൃഷിയുമായി ബന്ധിപ്പിക്കൽ പരിപാടിയുടെ ഭാഗമായി ഹരിത കർമ്മസേനകൾക്ക് അവരുടെ അധിക വരുമാന മാർഗ്ഗമായി ചെയ്യുന്ന ടെറസ്സ് കൃഷി, കിച്ചൻ ഗാർഡൻ, പൊതു സ്ഥലങ്ങളിലെ കൃഷി തുടങ്ങിയവയിലും, കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾക്കും കമ്പോസ്റ്റ് വളത്തിന്റെ ഗുണനിലവാരം നിർബന്ധമായും ഉറപ്പുവരുത്തി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതികളിൽ ഉപയോഗിക്കേണ്ടതാണ്.

ix. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന പൊതുസ്ഥലങ്ങളിലും സ്വകാര്യ വ്യക്തികൾ വിട്ടുതരുന്ന സ്ഥലങ്ങളിലും പുറംമ്പോക്ക് ഭൂമിയിലും വിവിധഇനം സസ്യങ്ങൾ വച്ച്പിടിപ്പിച്ച് ജൈവവൈവിധ്യത്തിന്റെ പച്ചത്തുരുത്തുകൾ സൃഷ്ടിക്കുവാനും ഇതിനാവശ്യമായ തൈകൾ സോഷ്യൽ ഫോറസ്ട്രിയിൽ നിന്നും ലഭ്യമാക്കുവാനും ജൈവവൈവിധ്യബോർഡിന്റെയും വനം വകുപ്പിന്റെയും തൊഴിലുറപ്പ് പദ്ധതിയുടെയും സഹായവും നിർദ്ദേശവും ഈ പരിപാടിക്ക് ഉപയോഗിക്കുവാനും സ്വകാര്യ ഭൂമിയിൽകൂടി

ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയുന്ന തരത്തിൽ ഒരു തദ്ദേശസ്വയംഭരണ പ്രദേശത്ത് ഈ വർഷം കുറഞ്ഞത് ഒരു പച്ചതുരുത്തെങ്കിലും സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

x. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലും നിലവിലുള്ള ജൈവവൈവിധ്യ രജിസ്റ്റർ ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ബയോഡൈവേഴ്സിറ്റി ബോർഡുമായി ചേർന്ന് നാളതീകരണം (updating) നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

xi. ഓരോ ഗ്രാമപഞ്ചായത്ത് വാർഡിലും ഹരിതഭവനങ്ങളോട് താൽപര്യമുള്ളവരും സ്വന്തം നിലയിൽ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുന്നതുമായ വ്യക്തികൾക്ക് തൊഴിലുറപ്പ് പദ്ധതിയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെ പദ്ധതികളും ഏകോപിപ്പിച്ചുകൊണ്ട് ഓരോ ഗ്രാമപഞ്ചായത്ത് വാർഡിലും കുറഞ്ഞത് അമ്പതും, മുനിസിപ്പാലിറ്റി ഡിവിഷനുകളിൽ നൂറും, കോർപ്പറേഷൻ ഡിവിഷനുകളിൽ നൂറ് വീതവും ഹരിതഭവനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനപരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കേണ്ടതാണ്. ഇതിന് ആവശ്യമായ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഹരിതകേരളംമിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

xii. റീസൈക്ലിംഗ് നടത്താൻ കഴിയാത്ത പ്ലാസ്റ്റിക്ക് സംസ്കരിക്കുന്നതിന് ബദൽ സംവിധാനം ഉണ്ടായി വരുന്നതു വരെ ഇവ ഷ്രെഡ് ചെയ്ത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും, പി.ഡബ്ല്യൂ.ഡി.യുടെയും നിയന്ത്രണത്തിലുള്ള റോഡ് ടാറിങ്ങിന് നിശ്ചിത ശതമാനം ഉപയോഗിക്കണമെന്ന നിർദ്ദേശം കർശനമായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗവും പൊതുമരാമത്ത് വകുപ്പും നടപ്പാക്കേണ്ടതാണ്. ഇത് വിലയിരുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനും സംസ്ഥാനതലത്തിൽ ഒരു കമ്മറ്റിയെ നിയോഗിക്കുന്നതിനുള്ള സമഗ്രമായ പ്രപ്പോസൽ ശുചിത്വമിഷൻ ലഭ്യമാക്കേണ്ടതാണ്.

xiii. ചന്തകളിലെ മാലിന്യ സംസ്കരണത്തിനായി ഓരോ ചന്തയുടെയും നേരിട്ടുള്ള ഗുണഭോക്താക്കളുടെയും പങ്കാളിത്തവും ഉത്തരവാദിത്വവും ഉറപ്പാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണ്. ഇവ നടപ്പിലാക്കുന്നതിനുള്ള കർമ്മപരിപാടികൾ തയ്യാറാക്കുന്നതിന് ആവശ്യമായ കരട് മാർഗ്ഗനിർദ്ദേശങ്ങൾ ശുചിത്വമിഷൻ തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

xiv. ചന്തകളിലെ മാലിന്യ സംസ്കരണത്തിനായി ആദ്യ ഘട്ടം ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് ഒന്നു വീതം 152 ഉം, 87 മുനിസിപ്പാലിറ്റികളിലും 6 നഗരസഭകളിലും ഒന്നു വീതം 93 ഉം ഉൾപ്പടെ 245 ചന്തകളിലെ മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്. പ്രോജക്ടിൽ ചന്തയുടെ പൊതുവിലുള്ള ശുചിത്വസംവിധാനങ്ങൾ, ടൊയ് ലറ്റ് സംവിധാനങ്ങൾ, മാലിന്യസംസ്കരണ സംവിധാനങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സമഗ്രമായ പദ്ധതിയായിരിക്കണം തയ്യാറാക്കേണ്ടത്.

xv. ഹരിതകേരളം ജില്ലാ മിഷനുകൾ കോഴിയിറച്ചി മാലിന്യം ഉൾപ്പടെയുള്ള മാലിന്യങ്ങൾ സംസ്കരിക്കാനുള്ള സംവിധാനങ്ങൾ ജില്ലാതലത്തിൽ സ്വകാര്യ ഏജൻസികളുടെ കൂടെ സഹകരണത്തിൽ നടപ്പിലാക്കുന്നതിനുള്ള സാധ്യത ആരായുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പദ്ധതി ഏറ്റെടുക്കുന്ന ഏജൻസികൾക്ക് സ്ഥിരമായി നിശ്ചിത അളവിൽ മാലിന്യം ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങളും ലഭ്യമാക്കേണ്ടതാണ്.

xvi. ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ സുസ്ഥിരമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ KELSA, മലിനീകരണ നിയന്ത്രണ ബോർഡ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, ആരോഗ്യ വകുപ്പ്, ജനമൈത്രി പോലീസ് എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് വിപുലമായ നിയമവിദ്യാഭ്യാസ പരിപാടി ആവിഷ്കരിക്കുന്നതിനും ഇതിലൂടെ ഒരു തദ്ദേശസ്വയംഭരണ വാർഡിൽ രണ്ട് എന്ന നിലയിൽ 40,000 ക്ലാസുകൾ സംഘടിപ്പിക്കുന്നതിനും ഒരു ക്ലാസിൽ 50 പേർക്ക് വീതം 20 ലക്ഷം പേർക്ക് നിയമാവബോധം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ഒരു കർമ്മ പരിപാടി ഹരിതകേരളം മിഷൻ തയ്യാറാക്കേണ്ടതാണ്. പൊതുനിരത്തുകളിലേയ്ക്കും ജലാശയങ്ങളിലേയ്ക്കും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. മാലിന്യസംസ്കരണം സുസ്ഥിരമാക്കുന്നതിന്റെ ഭാഗമായി നിയമനടപടികൾ സ്വീകരിക്കുന്നതിനായി വ്യത്യസ്ത എൻഫോഴ്സ്മെന്റ് ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ തല സമിതികൾ രൂപീകരിക്കേണ്ടതാണ്.

xvii. മാലിന്യം തരംതിരിക്കൽ സുസ്ഥിരമാക്കുന്നതിന് മുതിർന്നവരുടെ മനോഭാവത്തിൽ മാറ്റംവരുത്താൻ/സൃഷ്ടിക്കാൻ കുട്ടികളുടെ പങ്കും ഫലപ്രദമായി വിനിയോഗിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കുട്ടികളിൽ 'മാലിന്യം തരംതിരിക്കൽ അവബോധം സൃഷ്ടിക്കൽ' പരിപാടി നടപ്പിലാക്കുന്നതിനും 3 മുതൽ 8 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് ഇത്തരം പ്രവർത്തനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഹരിതകേരളം മിഷൻ വിദ്യാഭ്യാസവകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. സ്കൂളുകളിലെ സയൻസ് ക്ലബുകളിലെ പ്രവർത്തനങ്ങൾ ഇതുമായി ബന്ധിപ്പിക്കുന്നതിനും, കുട്ടികളിൽ മാലിന്യം തരംതിരിക്കൽ/സംസ്കരണ പ്രവർത്തനങ്ങളിൽ മത്സരബുദ്ധി വളർത്തുന്നതിന് സമ്മാന പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്.

xviii. മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ക്യാമ്പയിന്റെ രണ്ടാം ഘട്ടമായി "ശുചിത്വ സുന്ദര നവകേരള പിറവി" എന്ന രീതിയിൽ ഒരു ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ ക്യാമ്പയിനുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപന/ജില്ലാ/സംസ്ഥാനതലത്തിൽ സംഘടിപ്പിക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രപ്പോസൽ ശുചിത്വ മിഷൻ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

➢ 70 ലക്ഷം വീടുകളിൽ / സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ ഉപാധികളുടെ പരിശോധന, ജൈവമാലിന്യങ്ങളുടെ തരംതിരിക്കൽ, സമാഹരണം, കൈമാറ്റം ചെയ്യൽ എന്നിവയുടെ സ്ഥിതി വിലയിരുത്തൽ പൊതുനിരത്തുകൾ / സർക്കാർ സ്ഥാപനങ്ങൾ

എന്നിവിടങ്ങളിലെ ശുചിത്വാവസ്ഥ പരിശോധിക്കൽ എന്നീ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി അഞ്ച് അംഗങ്ങൾ വീതം ഉൾപ്പെടുന്ന 50000 ടീമുകൾക്ക് (2,50,000 പേർ) പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

➢ ടി ശുചിത്വാവസ്ഥ പരിശോധനയിലൂടെ കണ്ടെത്തുന്ന പോരായ്മകളും കുറവുകളും പരിഹരിക്കുവാൻ അനുയോജ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ ടാസ്ക് ഫോഴ്സ് കർമ്മപരിപാടികൾ തയ്യാറാക്കേണ്ടതാണ്.

xix. ഗ്രീൻ പ്രോട്ടോക്കോൾ ജനകീയ വിലയിരുത്തലും രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കലും പരിപാടിയുടെ ഭാഗമായി സാമൂഹ്യവിലയിരുത്തലിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ഹരിതകേരളം മിഷനും ശുചിത്വമിഷനും സ്വീകരിക്കേണ്ടതാണ്.

xx. ശുചിത്വമികവുകൾ : അവതരണവും വിലയിരുത്തലും പരിപാടിയുടെ ഭാഗമായി ബ്ലോക്ക്/ജില്ലാ/സംസ്ഥാനതലത്തിൽ 'ശുചിത്വമികവ്' അവതരണങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗരേഖ ശുചിത്വമാലിന്യ സംസ്കരണ ടാസ്ക് ഫോഴ്സ് തയ്യാറാക്കേണ്ടതാണ്.

xxi. എം.ജി.എൻ.ആർ.ഇ.ജി.എസ്.-ൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സോക് പിറ്റ്, കംപോസിറ്റ് പിറ്റ് എന്നിവ നിർമ്മിക്കുന്നതിന് പ്രത്യേക ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള പരിപാടിക്ക് സംസ്ഥാന തൊഴിലുറപ്പ് മിഷനും, ശുചിത്വമിഷനും രൂപം നൽകേണ്ടതാണ്.

➢ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപ്രദേശങ്ങളിൽ ക്യാമ്പയിൻ രീതിയിൽ വളകുഴികളുടെ നിർമ്മാണം ഏറ്റെടുക്കണം.

xxii. എല്ലാ വകുപ്പുകളുടെയും നിയന്ത്രണത്തിലുള്ള ജലസംഭരണികളുടെ വൃഷ്ടി പ്രദേശങ്ങളുടെ സംരക്ഷണത്തിന് പദ്ധതികൾ തയ്യാറാക്കി നബാർഡിന്റെ സഹായത്തോടു കൂടി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

xxiii. ഹരിതകേരള മിഷന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനകീയപങ്കാളിത്തത്തോടെ നടന്നു വരുന്ന നദികളുടെ ശുചീകരണ പ്രവർത്തനങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർമ്മപദ്ധതി തയ്യാറാക്കി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതും, ജലസ്രോതസുകളിലേയ്ക്ക് ജൈവമാലിന്യം, ദ്രവമാലിന്യം എന്നിവ എത്തിച്ചേരുന്നത് തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

xxiv. പുനരുദ്ധരിച്ച ജലസ്രോതസ്സുകളുടെ സുസ്ഥിരത നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

xxv. കൃഷി-ജലസേചന സംയുക്ത പദ്ധതികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

xxvi. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉപേക്ഷിക്കപ്പെട്ട പാറമടകൾ തുടങ്ങിയവ ജലസ്രോതസുകളായി മാറ്റുമ്പോൾ അനുബന്ധ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകേണ്ടതാണ്. നടപ്പുവർഷം ഇതിനായി കണ്ടെത്തിയ പാറമടകളിൽ നിന്നും ഒരു ജില്ലയിൽ ഒരെണ്ണം വീതം ജലസ്രോതസുകളായി പ്രയോജനപ്പെടുത്തേണ്ടതാണ്.

xxvii. ഹരിതകേരളം മിഷന്റെ ഭാഗമായി വകുപ്പുകളുടെ നേതൃത്വത്തിൽ നിശ്ചയിച്ചിട്ടുള്ള ജലസേചന പദ്ധതികളുടെ പുനരുദ്ധാരണത്തിൽ വകുപ്പുകൾക്കൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പങ്കെടുക്കേണ്ടതാണ്.

xxviii. ഹരിതകേരള മിഷന്റെ ഭാഗമായി ജലക്ഷാമം പരിഹരിക്കാൻ മാതൃകാ ചെറു അണകൾ (ആവശ്യമായ ഘട്ടങ്ങളിൽ എടുത്ത് മാറ്റാവുന്നതരം ചീപ്പുകൾ) നിർമ്മിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് അനുവദിക്കുന്നതുൾപ്പെടെയുള്ള പിന്തുണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

xxix. ചെറുകിട ജലസേചനം ജലസ്രോതസുകളുടെ നിർമ്മാണം തരിശ് ഭൂമിയിലെ കൃഷി വികസനം തുടങ്ങിയവയ്ക്കായി ഭൂരിപക്ഷം തദ്ദേശസ്വംഭരണ സ്ഥാപനങ്ങളിലും നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറായിട്ടുണ്ട്. നീർത്തട പ്ലാനുകൾ തയ്യാറാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ പിന്തുണയോടെ നിർത്തട പ്ലാനുകൾ തയ്യാറാക്കി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് തലത്തിൽ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിൽപെടുത്തിവേണം അവിടെ നടക്കുന്ന തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

xxx. ഓരോ ഉപമിഷന്റെയും ലക്ഷ്യങ്ങളും (objectives) ആയത് കൈവരിക്കാൻ നിശ്ചയിച്ചിട്ടുള്ള സമയക്രമവും ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടും കൈവിച്ച നേട്ടങ്ങളും ഇനി നേടേണ്ടതായ ലക്ഷ്യങ്ങളും (Targets) ആയവ കൈവരിക്കുന്നതിനുള്ള പ്രവർത്തന പദ്ധതിയും നിർദ്ദിഷ്ട മാതൃകയിൽ സമർപ്പിച്ചത് നവകേരളം കർമ്മപദ്ധതിയുടെ അടിസ്ഥാന സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയുള്ള പ്രവർത്തനങ്ങളിൽ നിന്നും വിട്ടുപോയിട്ടുള്ളവ ഉൾപ്പെടുത്തി പരിഷ്കരിച്ച് അംഗീകരിച്ചിട്ടുണ്ട്. ആയതിൻ പ്രകാരമുള്ള തുടർനടപടികൾ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ സ്വീകരിക്കേണ്ടതാണ്.

**സിന്ധു.എൽ**
**ഗവ.സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
സംസ്ഥാന മിഷൻ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (നരത്തുകളും പാലങ്ങളും) വകുപ്പ്.
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
എല്ലാ മുനിസിപാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന).
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയക്ടർ മുഖേന).
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി.
പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
കൃഷി വകുപ്പ്.
ജലവിഭവ വകുപ്പ്.
പൊതുവിദ്യാഭ്യാസ വകുപ്പ്.
ആരാഗ്യകുടുംബക്ഷേമ വകുപ്പ്.
പൊതുമരാമത്ത് വകുപ്പ്.
ത.സ്വ.ഭ (ഡി.എ /ഡി.ബി/ഡി.സി/എഫ്.എം ) വകുപ്പുകൾക്ക്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ പബ്ലിക്ക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.

# ഹരിത കേരളം മിഷൻ

| ക്രമ നം. | ലക്ഷ്യങ്ങൾ | ലഭ്യമായ ഫണ്ട് | നിശ്ചയിച്ചിട്ടുള്ള സമയക്രമം | | ഓരോ ലക്ഷ്യത്തിലും ഇതു വരെ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ (സംക്ഷിപ്ത രൂപത്തിൽ) | കൈവരിച്ച നേട്ടങ്ങൾ (ശതമാന കണക്ക് ഉൾപ്പെടെ) | ഇനി നേടേണ്ടതായ ലക്ഷ്യങ്ങൾ |
|---|---|---|---|---|---|---|---|
| | | | ആരംഭിച്ച തീയതി | പൂർത്തിയാക്കേണ്ട തീയതി | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |